Ref: 3062/K-5/KCBC/OL/DS 17.1.2018

# 2018 ഫെബ്രുവരി 11 തിരുബാലസഖ്യദിനം

## കെസിബിസി വൊക്കേഷൻ കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

ക്രിസ്തുവിൽ പ്രിയ സഹോദരരേ,

ഈ വർഷം സാർവ്വത്രികസഭ തിരുബാലസഖ്യദിനം ആചരിക്കുന്നത് ഇന്നേ ദിനം (11.02.2018) ആണ്. യേശുവിന്റെ ബാല്യം അനുസ്മരിച്ചുകൊണ്ട് നമ്മുടെ കുട്ടികളെ സഭയ്ക്കും സമൂഹത്തിനും ഉപകാരികളാക്കി പരമോന്നതനായ ദൈവത്തിന്റെ ഉപരി മഹത്വത്തിനായി വളർത്തി വലുതാക്കുകയാണ് മാതാപിതാക്കളുടെയും മുതിർന്നവരുടെയും കടമ. അതിനാൽ തിരുബാലസഖ്യദിനം ആചരിക്കുമ്പോൾ തിരുബാലസഖ്യ കൂട്ടായ്മയിലെ എല്ലാ കുട്ടികൾക്കും അവരെ നയിക്കുന്നവർക്കും ആശംസകൾ നേരുന്നു. അതോടൊപ്പം എല്ലാ മാതാപിതാക്കളും മുതിർന്നവരും ചിന്തിക്കുവാനും പ്രവർത്തിക്കുവാനും വേണ്ടി ചില ചിന്തകൾ പങ്കുവയ്ക്കുന്നു.

ദൈവത്തിന്റെ ദാനമാണ് മക്കൾ. അവരെ വിശ്വാസത്തിലും വിശുദ്ധിയിലും വളർത്തണം എന്നതാണ് ദൈവത്തിന്റെ പദ്ധതി. മാതാപിതാക്കൾ ഒരുമിച്ച് നടപ്പിലാക്കേണ്ട പദ്ധതിയാണിത്. എന്നാൽ ഇന്ന് പല കാരണങ്ങളാൽ കുട്ടികളിൽനിന്നും അകന്നുജീവിക്കുന്ന മാതാപിതാക്കളുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചുവരുന്നു. കുടുംബത്തിന്റെ സാമ്പത്തിക ഭദ്രതയ്ക്കും ക്ഷേമത്തിനും വേണ്ടി മറുനാടുകളിലും അകലങ്ങളിലും ജീവിക്കുന്ന മാതാപിതാക്കൾക്ക് ഈ അകലം തികച്ചും വേദനാജനകം തന്നെ. എന്നാൽ അതോടൊപ്പം പക്വതയോടെ മക്കളുടെ വളർച്ചയ്ക്കുവേണ്ടി തീരുമാനമെടുക്കേണ്ടി വരുമ്പോൾ ശ്രദ്ധാപൂർവ്വം അതു ചെയ്യുവാൻ സാധിക്കാത്തവരും ഉണ്ട്.

ചിലപ്പോഴെങ്കിലും ഒരേ ഭവനത്തിൽ ജീവിക്കുന്നവർ പരസ്പരം മറന്ന് ജീവിക്കുന്നുവെന്നത് തികച്ചും ദുഃഖകരമായ കാര്യമാണ്. കൊച്ചുകുട്ടികളെ നാം ഇന്ന് കൂടുതലായി കാണുന്നത് മാതാപിതാക്കളുടെ കൂടെയല്ല, മറിച്ച്, ടി വി യുടെയും സ്മാർട്ട് ഫോണിന്റെയും കൂടെയാണ്. ഇവയൊക്കെയും സങ്കേതികതലത്തിൽ ഇവരുടെ ബുദ്ധിവികാസത്തിന് ഉപകരിക്കുമെങ്കിലും ഇവയുടെ അനിയന്ത്രിതമായ ഉപയോഗം ശാരീരികമായും മാനസികമായും ആത്മീയമായും കുട്ടികളെ ദോഷകരമായി ബാധിക്കുന്നുണ്ട്. സ്വാർത്ഥലോകത്തേക്ക് അവർ ഒതുങ്ങുകയും ആത്മീയതയുടെ അടിസ്ഥാനങ്ങൾ ഇല്ലാതാവുകയും ചെയ്യും. ചിന്താലോകത്തു വളർന്നുവരുന്ന കുട്ടികളുടെ ബോദ്ധ്യതലങ്ങൾ രൂപപ്പെടേണ്ടിടത്ത് അമ്മയ്ക്കു പകരം വിവര സാങ്കേതികത നിന്നാൽ ശിഥിലമാവുന്നത് കുടുംബങ്ങളായിരിക്കും. താത്കാലിക ലാഭത്തിനുവേണ്ടിയും സ്വസ്ഥതയ്ക്കുവേണ്ടിയും ഇത്തരം ശീലങ്ങൾ കുട്ടികളിൽ വളർത്തിയാൽ അതേ ദുഃശ്ശീലങ്ങൾ വളർന്ന് ഭാവിയുടെ കണ്ണീരായി മാറുമെന്ന തിരിച്ചറിവുണ്ടാകണം.

ഇന്നിന്റെ സാമൂഹികസമ്പർക്കമാധ്യമങ്ങളിൽ സെൽഫികളും പ്രകടനങ്ങളും ഒക്കെയുണ്ട്. സ്വയം വെളിപ്പെടുത്തുക, സ്വന്ത വിചാരങ്ങൾപോലും കാറ്റത്തു വിതറുന്ന പഞ്ഞിപോലെ 'നെറ്റിൽ' ഇടുക എന്നതുമൊക്കെ ഇന്നിന്റെ രീതികളാണ്. പ്രൗഢിയുടെയും പരസ്യത്തിന്റെയും പിന്നിൽ ഒത്തിരി തിന്മകൾ ഒളിച്ചിരിക്കുന്നുണ്ടാകാം. ഉയർന്നുവരുന്ന ആത്മഹത്യാ നിരക്കുകളും വിവാഹമോചനങ്ങളും ശ്രദ്ധാപൂർവ്വം വിശകലനം ചെയ്യപ്പെടേണ്ടതാണ്.

അതോടൊപ്പം സ്നേഹത്തിന്റെയും വിനയത്തിന്റെയും വഴികളിൽ കുഞ്ഞുമക്കളെ വളർത്തുവാൻ മാതാപിതാക്കൾ പഠിക്കണം. കിട്ടുന്ന ലൈക്കുകളുടെ എണ്ണം നോക്കി സ്വന്തം മൂല്യമളക്കുകയെന്ന പ്രവർത്തനരീതികൾ വികലമായ ഭാവിയാണ് നിർമ്മിക്കുന്നത്. കുഞ്ഞുമക്കൾ സ്വയം പ്രദർശിപ്പിച്ച് ജനശ്രദ്ധയാകർഷിക്കുമ്പോൾ അക്കൂട്ടത്തിൽ കുട്ടികളെയും കുടുംബത്തെത്തന്നെയും കൊത്തിവിഴുങ്ങാൻ കഴിവുള്ള കഴുകന്മാർ നമ്മുടെ ചുറ്റും ഉണ്ടെന്നു തിരിച്ചറിയുന്നത് നല്ലതാണ്. ഗുരുസ്ഥാനീയരും ആത്മജ്ഞാനമുള്ളവരും ജീവിതത്തിന്റെ യഥാർത്ഥ മൂല്യമറിയുകയും അതിനു ചേർന്ന പരിശീലനം കുഞ്ഞുതലമുറയ്ക്കു നല്കുകയും ചെയ്യും.

കുടുംബത്തിന്റെ ആത്മാവിഷ്ക്കാരം തെളിയുന്നത് ഒന്നിച്ചുള്ള ഈ പ്രയാണത്തിലാണ്. സ്നേഹത്തിന്റെ സന്തോഷം എന്ന പ്രബോധനത്തിൽ (266, 267 274) ഫ്രാൻസിസ് മാർപാപ്പാ പറയുന്നതുപോലെ ദൈനംദിന ജീവിതത്തിലെ ആത്മീയതയിലാണ് ഒരുമ കാണപ്പെടുന്നത്. സന്തോഷത്തിലും സന്താപത്തിലും ഒക്കെ ജീവിതസഖിയെയും ദൈവം തന്ന സമ്മാനമായ മക്കളെയും ഹൃദയത്തോടു ചേർത്തുനിർത്തി യാത്ര ചെയ്യാനാവുക എന്നതാണ് പുണ്യം. സുരക്ഷിതത്വത്തിലേക്കായാലും സമ്പത്തിലേക്കായാലും കുടുംബത്തിലെ എല്ലാ അംഗങ്ങളും ഒന്നിച്ചുള്ള പ്രയാണം ആത്മീയതയുടെ അടയാളം തന്നെയാണ്.

പ്രിയ സഹോദരങ്ങളേ, തിരുബാലസഖ്യദിനവുമായി ബന്ധപ്പെട്ട് ചിന്തിക്കുമ്പോൾ നാം സൂക്ഷിക്കേണ്ട ചില മേഖലകളാണ് ഇവിടെ സൂചിപ്പിച്ചത്. കൂടുതൽ കൂടുതൽ അകന്നുപോകുന്ന ശൈശവങ്ങളെ വിശ്വാസത്തിന്റെ തലത്തിലേക്കും സാന്മാർഗികതയുടെ നന്മയിലേക്കും കൈപിടിച്ച് നടത്തേണ്ടത് അത്യാവശ്യമായ കാര്യമാണ്. കുട്ടികൾ വളരുന്ന സംസ്കാരം വളരെ കൃത്യതയോടുകൂടെ പരുവപ്പെടുത്തി എടുക്കേണ്ടതാണ്. വർഗീയതയും നിരീശ്വരത്വവും ഒക്കെ വളരുന്ന ഈ കാലഘട്ടത്തിൽ വിശ്വാസസത്യങ്ങൾ മുറുകെപ്പിടിക്കുവാനും സഹവർത്തിത്തത്തിന്റെ പാതയിലൂടെ വളരുവാനും വളർത്തുവാനും നമ്മൾ ശ്രദ്ധിക്കേണ്ടതാണ്.

സ്നേഹത്തിന്റെ സന്തോഷം എന്ന പ്രബോധനത്തിൽ ഫ്രാൻസിസ് മാർപാപ്പാ ഊന്നിപ്പറയുന്നതുപോലെ നല്ലശീലങ്ങൾ വളർത്തിയെടുക്കുവാനും മനഃസാക്ഷിയുടെ ശരിയായ രൂപീകരണത്തിനും നല്ല ഒരു വളർച്ച സംസ്കാരം നമ്മുടെ കുടുംബങ്ങളിലും ഇടവകകളിലും സ്ഥാപനങ്ങളിലും ഉണ്ടാക്കിയെടുക്കേണ്ടതുണ്ട്. കുട്ടികളുടെ ശാരീരികവും മാനസികവും ബൗദ്ധികവും ആത്മീയവുമായ ഒരു സമഗ്ര വളർച്ച മൂല്യബന്ധിതമായി നടക്കണമെങ്കിൽ വിവരസാങ്കേതികവിദ്യകളുടെ കൂടെ ശരിയായ മനഃസാക്ഷിയും കൂടി രൂപപ്പെടുത്തിക്കൊടുക്കേണ്ടതുണ്ട്. ഇതിനായി ഓരോ കുടുംബവും ഓരോ ഇടവകയും ശ്രദ്ധിക്കണം. നമ്മുടെ ഈ പ്രവർത്തനങ്ങളെ കാരുണ്യവാനായ ദൈവം അനുഗ്രഹിക്കട്ടെ.

പ്രാർത്ഥനാശംസകളോടെ,


**ബിഷപ്പ് വിൻസെന്റ് സാമുവൽ**
ചെയർമാൻ, കെസിബിസി വൊക്കേഷൻ കമ്മീഷൻ

**ആർച്ചുബിഷപ് മാർ ജോസഫ് പെരുന്തോട്ടം**
വൈസ് ചെയർമാൻ, കെസിബിസി വൊക്കേഷൻ കമ്മീഷൻ

**ബിഷപ്പ് സാമുവൽ മാർ ഐറിനോസ്**
വൈസ് ചെയർമാൻ, കെസിബിസി വൊക്കേഷൻ കമ്മീഷൻ

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാന കാര്യാലയം

കൊച്ചി- 682 025


NB: 2018 ഫെബ്രുവരി 11-ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദേവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിച്ച് വിശദീകരിച്ചുകൊടുക്കേണ്ടതാണ്.